# പതിമൂന്നാം കേരള നിയമസഭ
# പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ .1771 — 16.06.2014-ൽ മറുപടിക്ക്

## മത്സ്യത്തൊഴിലാളികളുടെ ക്ഷേമത്തിനായി നിയമനിർമ്മാണങ്ങൾ

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ.അബ്ദുറഹിമാൻ രണ്ടത്താണി | | ശ്രീ. കെ.ബാബു (മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) | മത്സ്യത്തൊഴിലാളികളുടെ ക്ഷേമത്തിനായി ഈ സർക്കാർ നടത്തിയ നിയമനിർമ്മാണങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ; | (എ) | കടാശ്വാസ കമ്മീഷൻ ആക്ടിലെ 8-ാം വകുപ്പിന്റെ (3) ഉം (4) ഉം ഉപവകുപ്പുകൾ ഭേദഗതി വരുത്തിയിട്ടുണ്ട്.<br>കടാശ്വാസ കമ്മീഷൻ ആക്ടിന്റെ 3-ാം വകുപ്പിന്റെ 2-ാം ഉപവകുപ്പ് പ്രകാരം കമ്മീഷന്റെ അംഗസംഖ്യ അഞ്ച് ആയിരിക്കമെന്നും 8-ാം വകുപ്പിന്റെ (3) ഉം (4) ഉം ഉപവകുപ്പുകൾക്കനുസൃതമായി ഒന്നിൽ കൂടുതൽ ബഞ്ച് രൂപീകരിച്ച് ജില്ലകളിൽ സിറ്റിംഗ് നടത്തുന്നത് സാധ്യമല്ലാതെ വന്നതിനാൽ മേൽപ്പറഞ്ഞ ഭേദഗതിയിലൂടെ ബഞ്ചുകൾ രൂപീകരിക്കുന്നതിനായി, സിറ്റിംഗിനുള്ള ക്വാറം മൂന്നിൽ നിന്നും രണ്ടായി കുറച്ചിട്ടുണ്ട്. ഇതിനായി 8-ാം വകുപ്പിന്റെ (3) ഉം (4) ഉം ഉപവകുപ്പുകളിൽ ഭേദഗതി വരുത്തിയിട്ടുണ്ട്.<br>കേരള ഫിഷ് സീഡ് ഓർഡിനൻസ്-2014 പുറപ്പെടുവിക്കുകയുണ്ടായി, മത്സ്യവിത്തുകളുടെ ഗുണമേന്മ ഉറപ്പാക്കുന്നതിനും മത്സ്യവിത്തുകളുടെ ലഭ്യത വർദ്ധിപ്പിക്കുന്നതിനും ആവശ്യമായ വ്യവസ്ഥകൾ ഇതിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. |
| (ബി) | ഈ നിയമങ്ങൾ പ്രായോഗവൽക്കരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വെളിപ്പെടുത്തുമോ ; | (ബി) | കടാശ്വാസ കമ്മീഷൻ കൂടുതൽ ബഞ്ച് രൂപീകരിച്ച സിറ്റിംഗ് നടത്തി വരുന്നു. |
| (സി) | 2008 ലെ മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ നിയമമനുസരിച്ച് എത്ര അപേക്ഷകൾ ലഭ്യമായെന്നും എത്രയെണ്ണത്തിൽ കടം എഴുതിത്തള്ളിയെന്നും വ്യക്തമാക്കാമോ; | (സി) | മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ ആക്ട് പ്രകാരം കടാശ്വാസത്തിന് അപേക്ഷ സമർപ്പിക്കാൻ നിശ്ചയിച്ച അവസാന തീയതിയായ 30.06.2013 ന് മുമ്പായി സമർപ്പിക്കപ്പെട്ട 1,29,219 അപേക്ഷകൾ കമ്മീഷൻ രജിസ്റ്റർ ചെയ്തിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | ഒരു അപേക്ഷയിൽ തന്നെ അപേക്ഷകൻ വിവിധ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും എടുത്തിട്ടുള്ള വായ്പകൾ ഉൾപ്പെടുത്തുന്നതിനാൽ അപേക്ഷകരുടെ കൃത്യമായ എണ്ണം തിട്ടപ്പെടുത്തിയിട്ടില്ല. കടാശ്വാസ കമ്മീഷൻ ശുപാർശ പ്രകാരം മത്സ്യഫെഡ് വഴിയും സഹകരണ സ്ഥാപനങ്ങൾ വഴിയും 1,17,332 പേരുടെ കടം എഴുതിത്തള്ളിയിട്ടുണ്ട്. |
| (ഡി) | കടാശ്വാസകമ്മീഷൻ നിയമമനുസരിച്ച് താനൂർ നിയോജക മണ്ഡലത്തിലെ എത്ര മത്സ്യത്തൊഴിലാളികൾക്ക് ഈ ആനുകൂല്യം ലഭിച്ചുവെന്നും ഇവർക്ക് എത്ര തുക അനുവദിച്ചുവെന്നും അറിയിക്കുമോ ? | (ഡി) | കടാശ്വാസ കമ്മീഷൻ ശുപാർശയനുസരിച്ച് താനൂർ നിയോജക മണ്ഡലത്തിലെ 2099 മത്സ്യത്തൊഴിലാളികൾക്ക് 2,34,14,577/- രൂപയുടെ ആനുകൂല്യം അനുവദിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ